15 -ാം കേരള നിയമസഭ

13 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 602 10-02-2025 - ൽ മറുപടിയ്ക്ക്

ഗിഫ്റ്റ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ആഗോള നിക്ഷേപകരെ ആകർഷിക്കുന്നതിനായി കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ പ്രാരംഭപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി പ്രോജക്ടിനായി ഭൂമി ഏറ്റെടുക്കുന്നതിന് 25.01.2023-ലെ G.O.(Rt)No.71/2023/ID നമ്പർ ഉത്തരവ് പ്രകാരം 2608 കോടി രൂപയ്ക്ക് സർക്കാർ സമഗ്രമായ അനുമതി നൽകിയിട്ടുണ്ട്. രണ്ട് നോഡുകളിലായി വികസിപ്പിക്കുന്ന കൊച്ചി ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോറിന്റെ ഒന്നാമത്തെ നോഡായ IMC പാലക്കാട് നോഡിന് 2024 ഓഗസ്റ്റ് 8-ന് കേന്ദ്ര കാബിനറ്റ് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാമത്തെ നോഡായ കൊച്ചി ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ് സിറ്റി (ഗ്ലോബൽ സിറ്റി) പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. മേൽ പദ്ധതിക്ക് ആലുവ താലൂക്കിലെ അയ്യമ്പുഴ വില്ലേജ് ബ്ലോക്ക് 19 -ലെ വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന 220 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി 19.08.2020-ലെ G.O.(Rt)No.662/2020/ID നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി.<br><br>20.11.2019-ലെ G.O.(Rt) No.1152/2019/ID നമ്പർ ഉത്തരവ് പ്രകാരം ടി പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾക്കായി കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>പദ്ധതിക്ക് വേണ്ടി 4(1) പ്രകാരമുള്ള വിജ്ഞാപനം സ.ഉ.(പി) നം.10/2021/ആർ.ഡി തീയതി 19.01.2021 പ്രകാരം 19.01.2021 ലെ 190 നമ്പർ കേരള (അസാധാരണം) ഗസറ്റിൽ പ്രസിദ്ധീകരിച്ച് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | LARR Act 2013 പ്രകാരം വീട് ഉൾപ്പെടുന്ന സ്ഥലം ഒഴിവാക്കി 144.49 ഹെക്ടർ സ്ഥലം ഏറ്റെടുക്കാനുള്ള സെക്ഷൻ 11 (1) പ്രകാരമുള്ള വിജ്ഞാപനം 04.10.2021-ലെ സ.ഉ.(പി)നം.141/21/ആർ.ഡി 2884 നമ്പർ കേരള (അസാധാരണം) ഗസറ്റിൽ പ്രസിദ്ധീകരിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രവർത്തനം തുടങ്ങുന്നതിനാവശ്യമായ ഏതൊക്കെ അനുമതികൾ ലഭ്യമായിട്ടുണ്ട്; ഏതൊക്കെ അനുമതികൾ ഇനി ലഭ്യമാകാനുണ്ട്; വ്യക്തമാക്കുമോ; | (ബി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |
| (സി) | ഇന്ത്യയിലെ രണ്ടാമത്തേതും ദക്ഷിണേന്ത്യയിലെ ആദ്യത്തേതുമായ ഗിഫ്റ്റ് സിറ്റി യാഥാർത്ഥ്യമാകുന്നതോടുകൂടി സംസ്ഥാനത്തുണ്ടാകുമെന്ന പ്രാഥമികമായി വിലയിരുത്തിയിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ; | (സി) | വിജ്ഞാന അധിഷ്ഠിത വ്യവസായങ്ങൾ ഉൾപ്പെടെ നാഗരിക വികസനത്തിന് അത്യന്താപേക്ഷിതമായ സാമ്പത്തിക വ്യാപാര കേന്ദ്രമായി വികസിപ്പിക്കുന്ന വിധത്തിലാണ് ഗ്ലോബൽ സിറ്റി വിഭാവനം ചെയ്തിരുന്നത്. സാമ്പത്തിക കാര്യ സമുച്ചയങ്ങൾ, വിവിധ കാര്യാലയങ്ങൾക്കായി വാടക കെട്ടിടങ്ങൾ, ഇന്നവേഷൻ & ഇൻക്യുബേഷൻ സെന്ററുകൾ, വിജ്ഞാനാധിഷ്ഠിത കമ്പനികൾ പ്രവർത്തിക്കുന്ന നോളജ് ഹബ്ബ്, ഹെൽത്ത് കെയർ സോൺ, കോൺഫറൻസ് & എക്സിബിഷൻ ഹാളുകൾ, ഹോസ്പിറ്റാലിറ്റി സെന്ററുകൾ എന്നിവയാണ് പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിരിക്കുന്നത്. ഗ്ലോബൽ സിറ്റിയുടെ അവിഭാജ്യ ഘടകമായി ഫിനാൻഷ്യൽ ആൻഡ് ബിസിനസ്സ് സെന്റർ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി പരിസ്ഥിതി സൗഹൃദവും പൂർണ്ണമായും മലിനീകരണ വിമുക്തവുമായ സാങ്കേതികവിദ്യ, ഉൾക്കൊണ്ട് സംയോജിതമായി ആഗോളതലത്തിൽ മത്സരാധിഷ്ഠിതമായ ഹൈടെക് സേവനങ്ങളുടെ വികസനത്തിനുള്ള ആവാസവ്യവസ്ഥ ഉണ്ടാകും.<br><br>ഇത് അധിക നിക്ഷേപം കൊണ്ടുവരുന്നതിനും കൊച്ചിയിലേക്ക് ജനങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നൽകുന്നതിനും ഉത്തേജകമായി മാറുന്നതോടൊപ്പം 160932 പേർക്ക് നേരിട്ടുള്ള തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുമെന്നും പ്രതീക്ഷിക്കുന്നു. |
| (ഡി) | രാജ്യത്തെ നിലവിലെ ഗിഫ്റ്റ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനമാതൃക തന്നെയാണോ ഇവിടെയും പിൻതുടരുന്നത്; വിശദമാക്കുമോ? | (ഡി) | അതെ, വിജ്ഞാന അധിഷ്ഠിത വ്യവസായങ്ങൾ ഉൾപ്പെടെ നാഗരിക വികസനത്തിന് അത്യന്താപേക്ഷിതമായ സാമ്പത്തിക വ്യാപാര കേന്ദ്രമായി വികസിപ്പിക്കുന്ന വിധത്തിലാണ് ഗ്ലോബൽ സിറ്റി വിഭാവനം ചെയ്തിരുന്നത്. M/s ഗുജറാത്ത് ഇന്റർനാഷണൽ ഫിനാൻസ് ടെക്ക് സിറ്റി കമ്പനി ലിമിറ്റഡ് (GIFTCL) "ഗിഫ്റ്റ് സിറ്റി" എന്ന പേര് ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ (GOI) യുടെ |

| | | | |
|---|---|---|---|
| | | | കീഴിലുള്ള ട്രേഡ് മാർക്ക് രജിസ്ട്രി അംഗീകരിച്ച വ്യാപാരമുദ്രയായതിനാൽ ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ് സിറ്റിയെ **ഗ്ലോബൽ സിറ്റി കൊച്ചി** എന്ന് നാമകരണം ചെയ്യുകയും അതേ പേരിൽ കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (എസ്.പി.വി) വിപണനം ചെയ്യുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ